**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **28-06-2022 - ൽ മറുപടിയ്ക്ക്**

**ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ ഉല്പാദനത്തിന് ആവശ്യമായ ചകിരി പൂർണ്ണമായും സംസ്ഥാനത്ത് തന്നെ ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കേരളത്തിലെ കയർ വ്യവസായത്തിന് ആവശ്യമായ ചകിരിയുടെ 48 ശതമാനം കേരളത്തിലെ ഡീ-ഫൈബറിംഗ് മില്ലുകളിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. രണ്ടാം പുനസംഘടനയുടെ ഭാഗമായി എണ്ണായിരം മുതൽ ഒരു ലക്ഷം തൊണ്ട് വരെ ചകിരിയാക്കാൻ കഴിയുന്ന 128 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതു വഴി ചകിരി ഉൽപ്പാദന ശേഷി 29000 ടൺ ആയി ഉയർന്നിട്ടുണ്ട്. ഇതു കൂടാതെ സ്വകാര്യ മേഖലയിലും ചകിരി ഉല്പാദനം നടക്കുന്നുണ്ട്. |
| (ബി) | പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉല്പാദിപ്പിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിന് സബ്സിഡി അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് അനുവദിക്കുന്നത്; വിശദമാക്കാമോ? | (ബി) | ഉണ്ട്. കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് മൊത്തം പദ്ധതി ചെലവിന്റെ 90%, സ്വകാര്യ സംരഭകർക്ക് 50% (പരമാവധി 25 ലക്ഷം രൂപ വരെ) എന്നിങ്ങനെയാണ് സബ്സിഡി അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ